A

समग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

# സമഗ്ര ശിക്ഷാ കേരളം

612

## ആത്യന്തിക വിലയിരുത്തൽ I 2026-2027

### അടിസ്ഥാനപാഠാവലി

**ക്ലാസ്: 6** | **സമയം: 2 മണിക്കൂർ 15 മിനിറ്റ്**

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
3. എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

---

**(1) വായിക്കാം, എഴുതാം**

നമ്മുടെ ചിന്തകളെയും വികാരങ്ങളെയും ഏറ്റവും മനോഹരമായി പ്രകടിപ്പിക്കാൻ സാധിക്കുന്നത് മാതൃഭാഷയിലൂടെയാണ്. അമ്മയുടെ സ്നേഹം പോലെയാണ് നമുക്ക് മാതൃഭാഷ. മലയാളം വെറുമൊരു ഭാഷ മാത്രമല്ല, അത് കേരളത്തിന്റെ സംസ്കാരവും ചരിത്രവും നമ്മുടെ ജീവിതരീതിയും കൂടിയാണ്. മറ്റ് ഭാഷകൾ പഠിക്കുന്നത് നല്ലതാണെങ്കിലും, സ്വന്തം ഭാഷയെ മറന്നുകൊണ്ടുള്ള ഒന്നാകരുത് അത്. മാതൃഭാഷയിൽ നല്ല അടിത്തറയുള്ള കുട്ടികൾക്ക് മറ്റ് ഏത് ഭാഷയും വളരെ എളുപ്പത്തിൽ പഠിച്ചെടുക്കാൻ സാധിക്കും. അതുകൊണ്ട് മലയാളം തെറ്റുകൂടാതെ സംസാരിക്കാനും എഴുതാനും വായിക്കാനും നമ്മൾ ഓരോരുത്തരും ശീലിക്കേണ്ടതുണ്ട്.

a) നമ്മുടെ ചിന്തകളെയും വികാരങ്ങളെയും ഏറ്റവും മനോഹരമായി പ്രകടിപ്പിക്കാൻ സാധിക്കുന്നത് ഏത് ഭാഷയിലൂടെയാണ്?

A. വിദേശഭാഷ
B. ആംഗ്യഭാഷ
C. മാതൃഭാഷ
D. ശാസ്ത്രഭാഷ

b) മാതൃഭാഷയുടെ മാധുര്യത്തെ സൂചിപ്പിച്ചിരിക്കുന്നത് എങ്ങനെയാണ്?

A. അമ്മയുടെ സ്നേഹം പോലെ
B. അച്ഛന്റെ കരുതൽ പോലെ
C. കൂട്ടുകാരെപ്പോലെ
D. ഗുരുവിന്റെ ഉപദേശം പോലെ

c) കേരളത്തിന്റെ സംസ്കാരവും ചരിത്രവും ജീവിതരീതിയും അടങ്ങിയിരിക്കുന്ന ഭാഷ ഏതാണ്?

A. സംസ്കൃതം  B. ഇംഗ്ലീഷ്  C. ഹിന്ദി  D. മലയാളം

d) തന്നിരിക്കുന്ന ലേഖനത്തിന്റെ പ്രധാന ആശയം എന്താണ്?

A. കവിതകൾ എഴുതണം
B. ഇംഗ്ലീഷ് പഠനം ഒഴിവാക്കുക
C. മാതൃഭാഷയെ സ്നേഹിക്കണം
D. മറ്റു ഭാഷകളിൽ സംസാരിക്കരുത്

e) മാതൃഭാഷയുമായി ബന്ധപ്പെട്ട പ്രസ്താവനകളേതെല്ലാം?

പ്രസ്താവന 1 - അമ്മയുടെ സ്നേഹം പോലെയാണ് മാതൃഭാഷ.

പ്രസ്താവന 2 - മാതൃഭാഷയിൽ നല്ല അടിത്തറയുള്ള കുട്ടികൾക്ക് മറ്റു ഭാഷകൾ പഠിക്കാൻ ബുദ്ധിമുട്ടാണ്.

പ്രസ്താവന 3 - നമ്മുടെ ചിന്തകളെയും വികാരങ്ങളെയും ഏറ്റവും മനോഹരമായി പ്രകടിപ്പിക്കാൻ സാധിക്കുന്നത് മാതൃഭാഷയിലൂടെയാണ്.

A. പ്രസ്താവന ഒന്നും രണ്ടും ശരി
B. പ്രസ്താവന രണ്ടും മൂന്നും ശരി
C. എല്ലാ പ്രസ്താവനകളും ശരി
D. പ്രസ്താവന ഒന്നും മൂന്നും ശരി

**(2) a)** കുറിപ്പ്

'കഥ പറച്ചിലിന്റെ സൗന്ദര്യം മാതൃഭാഷയിലൂടെ അനുഭവിപ്പിക്കുന്നു എന്നതാണ് ചെറുകഥകളുടെ സവിശേഷതകളിലൊന്ന്.'

ഈ പ്രസ്താവനയെ അർത്ഥവത്താക്കുന്ന ഒന്നാണല്ലോ 'ശന്തനുവിന്റെ പക്ഷികൾ' എന്ന കഥ. ഈ കഥ വായിച്ചപ്പോൾ നിങ്ങൾക്കുണ്ടായ അനുഭവവും മനസ്സിൽ രൂപപ്പെട്ട ചിന്തകളും പങ്കുവച്ചുകൊണ്ട് ഒരു കുറിപ്പ് തയ്യാറാക്കുക.

b) മഴയും മലരും മരവും കിളിയുമെല്ലാം മലയാളത്തിന്റെ അഴകും കരുത്തുമാണ്. ഡോ. വത്സലൻ വാതുശ്ശേരിയുടെ 'മാതൃഭാഷയും പരിസ്ഥിതിയും' എന്ന ലേഖനത്തിൽ പരിസ്ഥിതി സംരക്ഷണത്തിനുള്ള പ്രധാനമാർഗം എന്താണ്?

A. കാടിനെ സംരക്ഷിക്കുക.
B. മാതൃഭാഷയുമായുള്ള ബന്ധം ബലപ്പെടുത്തുക.
C. പരിസ്ഥിതിയെ മലിനമാക്കാതിരിക്കുക.
D. രാസകീടനാശിനികൾ ഉപയോഗിക്കാതിരിക്കുക.

c) താഴെ തന്നിരിക്കുന്ന പ്രസ്താവനയിൽ ശരിയായത് ഏതെല്ലാം?

i) ശന്തനു കണ്ട സ്വപ്നത്തിൽ പലതരം പക്ഷികളുണ്ടായിരുന്നു.

ii) ശന്തനു എല്ലാ പക്ഷികളെയും ശ്രദ്ധയോടെ പിന്തുടർന്നിരുന്നു.

iii) ശന്തനു കണ്ട പക്ഷികൾ ഭംഗിയില്ലാത്തതും തൂവലുകൾ കൊഴിഞ്ഞതും ആയിരുന്നു.

A. i ഉം ii ഉം ശരി
B. ii ഉം iii ഉം ശരി
C. i ഉം iii ഉം ശരി
D. എല്ലാം ശരി

ചുവടെ കൊടുത്ത 3A, 3B എന്നീ ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതുക.

**(3A) വിശകലനക്കുറിപ്പ്**

മനസ്സിന്റെ സംഗീതം മാതൃഭാഷ
മധുവാർന്ന വാക്കാണെൻ മാതൃഭാഷ
അറിവാം വെളിച്ചത്തെ തൂകിയെന്നും
അഭിമാനമാകുമെൻ മാതൃഭാഷ

തന്നിരിക്കുന്ന വരികൾ വിശകലനം ചെയ്ത് മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(3B) അഭിപ്രായക്കുറിപ്പ്**

"എന്റെ ഭാഷ എന്റെ വീടാണ്
എന്റെ ആകാശമാണ്
ഞാൻ കാണുന്ന നക്ഷത്രമാണ്
എന്നെ തഴുകുന്ന കാറ്റാണ് "

എം.ടി വാസുദേവൻനായർ

മുകളിൽ കൊടുത്ത വരികളിലെയും 'മാതൃഭാഷ നമ്മെ ചേർത്തുനിർത്തുന്നു' എന്ന പാഠഭാഗത്തിലെയും ആശയങ്ങൾ ഉൾപ്പെടുത്തി നിങ്ങളുടെ അഭിപ്രായം കുറിപ്പായി എഴുതുക.

**ചുവടെ കൊടുത്ത 4A, 4B എന്നീ ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനുമാത്രം ഉത്തരമെഴുതുക.**

**(4A) കത്ത് തയ്യാറാക്കുക**

'ശന്തനുവിന്റെ പക്ഷികൾ' എന്ന പാഠഭാഗത്തുനിന്ന് പക്ഷികൾക്ക് എന്തു സംഭവിക്കുന്നു എന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ. ഈ വിവരങ്ങൾ ഉൾപ്പെടുത്തി നിങ്ങളുടെ സുഹൃത്തിന് ഒരു കത്തെഴുതുക.

**അല്ലെങ്കിൽ**

**(4B) വായനക്കുറിപ്പ്**

പക്ഷികളും ചെറുജീവികളും ചെടികളും മരങ്ങളുമെല്ലാം നമ്മുടെ കണ്ണും കാതും മനസ്സും കവരാറുണ്ട്. ആ അത്ഭുതലോകത്തെ വർണ്ണശബളമായ ഭാഷയിലൂടെ പരിചയപ്പെടുത്തിയ 'ശന്തനുവിന്റെ പക്ഷികൾ' എന്ന കഥ നിങ്ങൾക്കിഷ്ടമായല്ലോ. ഇതുപോലെ നിങ്ങൾ വായിച്ച മറ്റേതെങ്കിലും കഥയുടെ വായനക്കുറിപ്പ് തയ്യാറാക്കുക.

(5) പോസ്റ്റർ

നമ്മുടെ വികാരങ്ങൾ ശക്തമായി പ്രകടിപ്പിക്കുന്നതിന് മാതൃഭാഷയ്ക്കു മാത്രമേ കഴിയൂ. മാതൃഭാഷയെ സ്നേഹിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന തരത്തിൽ ഒരു പോസ്റ്റർ തയ്യാറാക്കുക.

(6) ആസ്വാദനക്കുറിപ്പ്

കിളിമൊഴിയാലെ
ചിരിതൂകി
കനവിലുണർന്നു
കളിതൂകി
നിനവിലലിഞ്ഞു
പകർന്നേകി
അമ്മ പകർന്നൊരു
മലയാളം
മധുമൊഴി ചിതറും
മലയാളം
മനമിതിലൊഴുകും
മലയാളം
അമ്മിഞ്ഞപ്പാൽ
മലയാളം

(മലയാളം - മധു ആലപ്പടമ്പ്)

ഈ കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.